രക്ഷയുടെ പാതയിൽ-7



7

# ഈശോയുടെ പ്രബോധനങ്ങൾ

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

# ഉള്ളടക്കം


1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പനകൾ
14. മനഃസാക്ഷി രൂപികരണം
15. സുവിശേഷ ഭാഗ്യങ്ങൾ

പാഠം 3

# ദൈവനാമം ആരാധ്യനാമം



**ദൈവകല്പനകളിൽ 2-ാമത്തേത് ഇതാണ്:**


## ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്



1. ദൈവത്തിന്റെ നാമം പഴയ നിയമത്തിൽ
2. ദൈവത്തിന്റെ നാമം പുതിയനിയമത്തിൽ
3. ദൈവനാമത്തിന്റെ പ്രയോഗം
4. വിശുദ്ധമായവരെ ആദരിക്കുക
5. ക്രിസ്തീയ നാമങ്ങൾ


# ദൈവത്തിന്റെ നാമം പഴയ നിയമത്തിൽ

- ദൈവനാമം എന്നത് ദൈവത്തിന്റെ സാന്നിധ്യം തന്നെയാണ്. യാഹ്‌വേ എന്ന പദം ഇസ്രായേൽക്കാർ സംസാരത്തിൽ ഉപയോഗിച്ചിരുന്നില്ല. അത് പ്രമാണ ലംഘനമായി അവർ കരുതി.



## ദൈവത്തിന്റെ നാമം പുതിയനിയമത്തിൽ

- മക്കൾ പിതാവിനെ വിളിക്കാൻ ഉപയോഗിച്ചിരുന്ന 'ആബാ' എന്ന ലളിതമായ പദം ഉപയോഗിച്ചാണ് ഈശോ പിതാവിനോട് സംസാരിച്ചിരുന്നത്.
- ദൈവനാമത്തെസ്തുതിക്കുമ്പോൾ ദൈവത്തെത്തന്നെയാണ് സ്തുതിക്കുന്നത് എന്ന് വി. ഗ്രന്ഥം പഠിപ്പിക്കുന്നു.



## ദൈവനാമത്തിന്റെ പ്രയോഗം

- ദൈവനാമം ആദരവോടെ മാത്രമേ ഉപയോഗിക്കാവൂ. ദൈവത്തിന്റെ മഹത്വത്തിനു ചേർന്ന ബഹുമാനത്തോടെയാണ് അപ്പോഴൊക്കെ ആ പരിശുദ്ധനാമം ഉച്ചരിക്കേത്. ദൈവമഹത്വത്തിനും മറ്റുള്ളവരുടെ ഉത്കർഷത്തിനും ഉപകരിക്കുന്ന വിധത്തിൽ നാവിനെ ഉപയോഗിക്കണമെന്ന് 2-ാം പ്രമാണം ആവശ്യപ്പെടുന്നു. ദൈവദൂഷണവും അശുദ്ധഭാഷണവും ഈ പ്രമാണത്തിനെതിരായ തിന്മകളാണ്.

# വിശുദ്ധമായവയെ ആദരിക്കുക

പരിശുദ്ധ കന്യകാമറിയത്തെയും മറ്റു വിശുദ്ധരെയും കുറിച്ച് ആദരവോടെ സംസാരിക്കണം. ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള വൈദികരോടും ,സന്ന്യസ്തരോടും ബഹുമാനം കാണിക്കണം.

( വൈദികരും, സന്ന്യസ്തരും.

ദൈവാലയങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, കപ്പേളകൾ.

വി. കുർബാന അർപ്പിക്കുന്ന അൾത്താര, ബലിവസ്തുക്കൾ, കൂദാശ പരികർമ്മം ചെയ്യാനുള്ള വസ്തുക്കൾ എന്നിവയൊക്കെ പരിശുദ്ധമായി കൈകാര്യം ചെയ്യണം. )

ദൈവത്തിനു പ്രതിഷ്ഠിതരായ വ്യക്തികളെ അവഹേളിക്കുന്നതും വിശുദ്ധ സ്ഥലങ്ങളിൽ അനാദരവു കാട്ടുന്നതും വിശുദ്ധ വസ്തുക്കൾ അശുദ്ധമാക്കുന്നതും രാം പ്രമാണത്തിന് എതിരായ തെറ്റുകളാണ്.

# ക്രിസ്തീയ നാമങ്ങൾ

- മാമ്മോദീസായിലൂടെ ദൈവമക്കളായിത്തീരുന്ന നമുക്ക് സഭയിലൂടെ ദൈവം നൽകുന്നതാണ് മാമ്മോദീസാപ്പേര്.
- വിശുദ്ധരുടെ മാതൃക അനുകരിച്ചു ജീവിക്കാനും അവരുടെ പ്രത്യേക മാധ്യസ്ഥ്യം ലഭിക്കാനും ഈ പേര് സഹായിക്കുന്നു. അതിനാൽ മാമ്മോദീസാപ്പേര് തുടർന്നും ഉപയോഗിക്കേതാണ്.



# നമുക്കു പ്രാർത്ഥിക്കാം

**കർത്താവായ ദൈവമേ, അങ്ങയുടെ തിരുനാമത്തിന്റെ ശക്തി മനസ്സിലാക്കുവാനും അനുഭവിക്കുവാനും ഞങ്ങൾക്കു കൃപയേകണമേ.**



# നമുക്കു പാടാം

(പന്തക്കുസ്താനാളിൽ ..............)

ദൈവതിരുനാമം സംപൂജ്യമതെന്നും
വാഴ്ത്തിപ്പാടാമിന്ന് ആമോദമൊടെ
ആ ദിവ്യനാമം ആരാധ്യനാമം
ഹല്ലേലൂയ്യാ പാടാം ആരാധിച്ചീടാം

ആ തിരുനാമത്തിൽ വിശ്വാസത്തോടെന്നും
ചോദിപ്പവയെല്ലാം ലഭ്യമായിടും
ആകാശത്തിൻ കീഴിൽ വേറെയില്ല നാമം
മർത്യരക്ഷ നൽകാൻ ശാന്തി കൈവരാൻ

ദൈവതിരുനാമം നിന്ദിക്കരുതെന്ന്
ദൈവം നൽകും അജ്ഞ അനുവർത്തിക്കാം
മാമ്മോദീസാപേരിൽ പരിശുദ്ധികാക്കാം
വിശുദ്ധർതൻ പാതെ നീങ്ങിടാമെന്നും.

## ദൈവവചനം വായിക്കാം;

## വിവരിക്കാം

(അപ്പ.3:1-10)



# വഴി കാട്ടാനൊരു തിരുവചനം

“സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്ക് തരും”

(യോഹ. 16: 23).

# എന്റെ തീരുമാനം

**എന്റെ ഏതാവശ്യങ്ങളിലും ഈശോയുടെ തിരുനാമം ഞാൻ വിളിച്ചപേക്ഷിക്കും.**

Thank you